# KCBC WOMEN'S COMMISSION

Pastoral Orientation Centre (P O C)

Palarivattom, Tel: 0484 2805722, 2805815


CHAIRMAN

**Mar Peter Kochupurakkal**
Bishop of Palakkad

VICE CHARMAN

**Most.Rev. Dr Thomas J Netto**

**Thomas Mar Eusebius**

EXECUTIVE SECRETARY

**Jane Ancil Francis**
Deepayan
Vallikeezhu
Kollam-691003
Mob:9447254 I78
email: janeancil@gmail.com

JOINT SECRETARY

**Sheeja Abraham**
Mob.9446 I I3545

TREASURER

**Anie Joseph**
Mob:9447233939

SPIRITUAL DTRECTOR

**Rev. Fr. Lijo Mathews**
Diocese of Kottappuram
Mob: 9846034569


All Kerala Press Release 21.07.2023

## മണിപ്പൂരിൽ സ്ത്രീകൾ കിരാതമായി പീഡിപ്പിക്കപ്പെട്ട സംഭവം - ഭരണകൂടം നിസംഗത വെടിയണം: കെസിബിസി വിമൻസ് കമ്മീഷൻ

കൊച്ചി: മണിപ്പൂരിൽ കുക്കി വിഭാഗത്തിൽ പെട്ട വനിതകളെ മൃഗീയമായി പീഡിപ്പിക്കുകയും, നഗ്നരാക്കി തെരുവിലൂടെ നടത്തി ഭാരതീയ സ്ത്രീത്വത്തെ അവഹേളിക്കുകയും ചെയ്ത കിരാതമായ നടപടിയ്ക്കെതിരെ കെസിബിസി വനിതാ കമ്മീഷൻ സംസ്ഥാന സമിതി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. മെയ് മൂന്നിന് ആരംഭിച്ച കലാപം അവസാനിപ്പിക്കാൻ യുക്തമായ ഇടപെടലുകൾ ഇനിയും കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്ന് ഉണ്ടാകാത്തത് ലോക രാജ്യങ്ങൾക്ക് മുമ്പിൽ ഇന്ത്യ നാണം കെടാൻ ഇടയാക്കി. ഇന്ത്യൻ ഭരണഘടനാ മൂല്യങ്ങളെ നിഷ്കരുണം നിരാകരിച്ചുകൊണ്ടുള്ള ആൾക്കൂട്ട ആക്രമണങ്ങൾക്കും വർഗ്ഗീയ അതിക്രമങ്ങൾക്കും മുന്നിൽ ഭരണ നേതൃത്വം പുലർത്തുന്ന നിശബ്ദത ഭയാനകമാണ്. ന്യൂനപക്ഷാവകാശവും മതസ്വാതന്ത്ര്യവും ഭരണഘടന ഉറപ്പു നൽകുന്ന മൗലികാവകാശങ്ങളാണെന്നിരിക്കെ മണിപ്പൂരിൽ ക്രൈസ്തവർ നേരിടുന്ന പീഡനങ്ങളും അതിക്രമങ്ങളും, ദൈവാലയങ്ങളും സ്ഥാപനങ്ങളും തകർക്കപ്പെട്ടതും രാജ്യത്തെ മുഴുവൻ ക്രൈസ്തവരെയും ഭയപ്പെടുത്തുന്നു. മണിപ്പൂരിൽ ഇതിനകം സംഭവിച്ചിരിക്കുന്ന അക്രമ സംഭവങ്ങളുടെ യഥാർത്ഥ ചിത്രം ഇനിയും വെളിപ്പെട്ടിട്ടില്ല. ജുഡീഷ്യൽ അന്വേഷണം നടത്തി അതിക്രൂരമായ പീഡനങ്ങൾക്കിരയായ സ്ത്രീകൾക്കും, ജീവനും സ്വത്തും നഷ്ടപ്പെട്ടവർക്കും, പരിക്കേറ്റവർക്കും നീതി നടത്തിക്കൊടുക്കാൻ കേന്ദ്ര-സംസ്ഥാന ഭരണകൂടങ്ങൾ തയ്യാറാകണം. യഥാർത്ഥ കുറ്റവാളികളെ മുഴുവൻ നിയമത്തിന് മുന്നിൽ കൊണ്ടുവരാനും, സംസ്ഥാനത്തിന്റെ ഭരണം ശരിയായ ദിശയിൽ പുനഃക്രമീകരിക്കാനും ആവശ്യമായ ഇടപെടലുകൾ രാഷ്ട്രപതിയും പ്രധാനമന്ത്രിയും നടത്തണം.

കെസിബിസി വിമൻസ് കമ്മീഷൻ സംസ്ഥാന എക്സിക്യൂട്ടീവ് സെക്രട്ടറി ശ്രീമതി ജെയിൻ ആൻസിൽ ഫ്രാൻസിസിന്റെ അധ്യക്ഷതയിൽ പാലാരിവട്ടം, പിഒസിയിൽ ചേർന്ന പ്രതിഷേധ യോഗത്തിൽ, പ്രൊഫ. റീത്താമ്മ, ആനി ജോസഫ്, ഷീജ എബ്രഹാം, മീന റോബർട്ട്, ലീന ജോർജ്ജ്, അൽഫോൻസാ ആന്റിൽസ്, സുനിത,. ബീന പോൾ എന്നിവർ പ്രസംഗിച്ചു.

ശ്രീമതി ജെയിൻ ആൻസിൽ ഫ്രാൻസിസ്
സെക്രട്ടറി, കെസിബിസി വിമൻസ് കമ്മീഷൻ